പതിനഞ്ചാം കേരളനിയമസഭ
ഒൻപതാം സമ്മേളനം

ബഹു. സ്പീക്കറുടെ റൂളിംഗ്
10-08-2023

നിയമനിർമ്മാണം

ബിൽ സർക്കുലേറ്റ് ചെയ്യുന്നതിലെ കാലതാമസം

2023 ആഗസ്റ്റ് 10-ാംാം തീയതി 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബില്ലിന്റെ അവതരണവേളയിൽ ബില്ലിന്റെ ഡ്രാഫ്റ്റ് ഇന്നാണ് ലഭിച്ചതെന്നും ആയതിനാൽ ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ചുള്ള ചർച്ചയ്ക്ക് തയ്യാറെടുത്തല്ല വന്നതെന്നും കാഷ്ഠലായും ലാഘവത്തോടും കൂടി ബിൽ അവതരിപ്പിക്കുന്നത് നല്ലതല്ലെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി.

16-08-2023-ന് അവതരിപ്പിക്കാൻ നിശ്ചയിച്ചിരുന്ന എല്ലാ ബില്ലുകളും നേരത്തെ അവതരിപ്പിക്കണമെന്ന പൊതുനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ ധൃതിപിടിച്ച് അവതരിപ്പിക്കുന്നതെന്നും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാനുള്ള പ്രമേയമാണ് ഇന്ന് പരിഗണിക്കുന്നതെന്നും അതിനുശേഷം എല്ലാ അംഗങ്ങൾക്കും വകുപ്പുതിരിച്ച് ചർച്ച ചെയ്യാനുള്ള അവസരമുണ്ടെന്നും മേലിൽ ഇത്തരമൊരു പ്രശ്നമുണ്ടാകില്ലെന്നും റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി[+].

"ഇന്നലെ ചേർന്ന കാര്യോപദേശക സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഒൻപതാം സമ്മേളന നടപടികളിൽ ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ബിൽ ഇന്നുതന്നെ സഭ മുമ്പാകെ വരുന്നത്. പരാമർശ വിധേയമായ

+

ബിൽ ആഗസ്റ്റ് 16-ാംം തീയതിയാണ് സഭ പരിഗണിക്കാൻ നിശ്ചയിച്ചിരുന്നത് . ബിൽ തയ്യാറാക്കൽ സംബന്ധിച്ച നടപടിക്രമങ്ങൾ പാലിച്ച് കോപ്പികൾ ലഭ്യമാക്കാൻ സർക്കാർ തലത്തിൽ കൂറച്ച് കാലതാമസമുണ്ടായി എന്നത് ഒരു വസ്തുതയാണ്.

എന്നാൽ, ഇക്കാര്യത്തിൽ ബോധപൂർവ്വമായ ഒരു കാലതാമസം ഉണ്ടായിട്ടില്ലെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ചട്ടം 69(5)-ലെ വ്യവസ്ഥയുടെ ലംഘനം ഉണ്ടായിട്ടുണ്ടെങ്കിൽപ്പോലും ചട്ടം 76-(2)ന്റെ ക്ലിപ്തനിബന്ധനയിൽ പരാമർശിച്ചിട്ടുള്ള വിവേചനാധികാരം വിനിയോഗിച്ചുകൊണ്ട് ബില്ലിന് അവതരണാനുമതി നൽകുകയാണ്. തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല."